## ഡോക്യുമെന്ററി, ഹ്രസ്വചിത്രം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ക്ഷണിച്ചുകൊണ്ടുള്ള ടെണ്ടർ നോട്ടീസ്

തൊഴിലും നൈപുണ്യവും വകുപ്പ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസിനു വേണ്ടി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെയും ഇ.എസ്.ഐ ആശുപത്രി, ഡിസ്പെൻസറി എന്നിവയുടെ പ്രവർത്തന മികവും ആരോഗ്യ സമ്പന്നമായ തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതും സംബന്ധിച്ച് രണ്ട് മിനിറ്റിൽ കുറയാത്ത ഹ്രസ്വചിത്രവും പത്ത് മിനിറ്റ് നീളുന്ന ഡോക്യുമെന്ററിയും നിർമ്മിക്കുന്നതിന് പിആർഡി -യുടെ സംവിധായക പാനലിൽ എ, ബി, സി കാറ്റഗറിയിലും അദർ കാറ്റഗറിയിലും ഉൾപ്പെട്ടവരിൽ നിന്നും മുദ്ര വച്ച കവറിൽ പ്രൊപ്പോസൽ ക്ഷണിക്കുന്നു. ഈ മാസം 14-നു മുൻപ് നിർമ്മാണം പൂർത്തിയാക്കി സമർപ്പിക്കേണ്ടതാണ്.

നിർമ്മാണത്തിന്റെ സമീപന രീതി, സ്ക്രിപ്റ്റ്, ബഡ്ജറ്റ് എന്നിവ ഉൾപ്പെടുത്തിയ പ്രൊപ്പോസൽ തൊഴിലും നൈപുണ്യവും വകുപ്പ് ലേബർ കമ്മീഷണറേറ്റിലെ ലേബർ പബ്ലിസിറ്റി ഓഫീസർക്ക് (ലേബർ കമ്മീഷണറേറ്റ് തൊഴിൽ ഭവനിലെ ഒന്നാം നിലയിലെ ഓഫീസ്) **ഈ മാസം (ഡിസംബർ) 10-ാം തീയതി വൈകുന്നേരം 5.00 മണിക്ക് മുൻപ്** നൽകണം.

പ്രൊപ്പോസലുകൾ ഇ.എസ്.ഐ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സംവിധായകൻ/സംവിധായിക എന്നിവരെ അഭിമുഖത്തിന് ക്ഷണിക്കുന്നതുമാണ്. വിശദ വിവരങ്ങൾക്ക് **9846063499** എന്ന ലേബർ പബ്ലിസിറ്റി ഓഫീസറുടെ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ലേബർ പബ്ലിസിറ്റി ഓഫീസർ